

**‘മാറാടും മനുഷ്യാവകാശവും’** എന്ന തലക്കെട്ടിൽ ‘സിവിൽ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം’ 2008 മാർച്ച് 17-ന് കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിച്ച സെമിനാറിൽ പ്രഫ. എസ്.എ.ആർ ഗീലാനി, ഡോ. സുകുമാർ അഴീക്കോട്, പി.കെ കുഞ്ഞാലിക്കുട്ടി, എം.കെ രാഘവൻ, എസ്.എ പുതിയവളപ്പിൽ, അഡ്വ. പി.എ പൗരൻ, ടി. ആരിഫലി, ടി.പി അബ്ദുല്ലക്കോയ മദനി, ഡോ. ഹുസൈൻ മടവൂർ, അബൂബക്കർ പിണങ്ങോട്, പ്രഫ. എ.കെ അബ്ദുൽഹമീദ്, സി.പി കുഞ്ഞിമുഹമ്മദ്, കെ.പി കുഞ്ഞഹമ്മദ്, ഗഫൂർ പുതുപ്പാടി, പി.എം മുഹമ്മദ് അശ്റഫ്, സി.ടി സക്കീർ ഹുസൈൻ തുടങ്ങിയവർ പങ്കെടുത്തു.

**ഏതാനും പ്രസംഗങ്ങളുടെ സംഗ്രഹം ചുവടെ:**



# പൊതുബോധം വർഗീയവൽക്കരിക്കപ്പെടുന്നു

**പ്രഫ. എസ്.എ.ആർ ഗീലാനി**

**ചരിത്രത്തിലെ** നിർണായക സന്ധിയിലൂടെയാണ് ഇന്ത്യ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രത്തിന്റെ ആധാരശിലകളായ ജനാധിപത്യവും മതേതരത്വവും ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. ജനാധിപത്യം ദിനംപ്രതി തളരുമ്പോൾ ഫാഷിസം നാൾക്കുനാൾ ശക്തിയാർജിക്കുന്നു.

ജാനാധിപത്യത്തിന്റെ അഭാവമാണ് ഫാഷിസം. ജനാധിപത്യ സ്ഥാപനങ്ങൾ ശരിയാംവിധം പ്രവർത്തിക്കുമ്പോഴാണ് ജനാധിപത്യം അനുഭവവേദ്യമാകുന്നത്. എന്നാൽ ഈ സ്ഥാപനങ്ങൾ തകരുമ്പോൾ ഫാഷിസം തലപൊക്കുന്നു.

ഒരു സമൂഹത്തിലെ ന്യൂനപക്ഷങ്ങ

ളുടെ ക്ഷേമമാണ് അവിടുത്തെ ജനാധിപത്യത്തിന്റെ ശക്തി അളക്കാനുള്ള മികച്ച മാനദണ്ഡം. ഇന്ത്യയിൽ ഇന്ന് ന്യൂനപക്ഷങ്ങൾ വ്യാപകമായി അരക്ഷിതാവസ്ഥയിലാണ്. 'വർഗീയവൽക്കരിക്കപ്പെട്ട പൊതുബോധം' എന്നാണ് ഇതിനെ പ്രമുഖ ചരിത്രകാരനായ പ്രഫ. സുമിത് സർക്കാർ വിശേഷിപ്പിക്കുന്നത്. മുസ്‌ലിംകൾ മുഴുവൻ ഭീകരരും ക്രിമിനലുകളുമാണെന്ന തോന്നൽ ഈ ബോധത്തിൽ നിന്നുണ്ടാവുന്നതാണ്.

അന്തർദേശീയ തലത്തിൽ അരങ്ങേറുന്ന ഭീകരവേട്ടകളിൽ മുസ്‌ലിംകളെയാണ് ടാർഗറ്റ് ചെയ്തിരിക്കുന്നത്. ഉത്തര-ദക്ഷിണ വ്യത്യാസമില്ലാതെ ഇന്ത്യയിലെങ്ങും ഇത് വ്യാപകമായിക്കൊണ്ടിരിക്കുന്നു. നിരപരാധികൾ യാതൊരു തെളിവും കൂടാതെ പിടികൂടപ്പെടുന്നു. അടുത്തിടെ കൊൽക്കത്തയിൽ പിടിക്കപ്പെട്ട അഫ്താബ് അൻസാരിയുടെ കഥ ഉദാഹരണമാണ്. ഉത്തർപ്രദേശിൽ നടന്ന തുടർ ബോംബാക്രമണങ്ങളുടെ മുഖ്യസൂത്രധാരൻ എന്ന നിലക്കാണ് അഫ്താബിനെ പിടികൂടിയത്. ചാനലുകളും പത്രങ്ങളും ആ വാർത്ത മതിയാവോളം ആഘോഷിക്കുക തന്നെ ചെയ്തു. എന്നാൽ തെളിവുകളില്ലാത്തതിനാൽ പിന്നീടയാളെ വിട്ടയച്ചു. പക്ഷേ, ആ വാർത്ത മാധ്യമങ്ങളൊന്നും പറയുകയുണ്ടായില്ല.

ഇതുപോലെ ഹൈദരാബാദ് സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ധാരാളം മുസ്‌ലിം യുവാക്കളെ നിയമവിരുദ്ധമായി പിടികൂടുകയുണ്ടായി. സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ആരോപിച്ചാണ് അറസ്റ്റു നടന്നത്. എന്നാൽ അവരുടെ ചാർജ്ഷീറ്റ് തയാറാക്കിയപ്പോൾ എഴുതിച്ചേർത്ത കുറ്റമാകട്ടെ മറ്റൊന്നായിരുന്നു. ബാബരി മസ്ജിദ് തകർത്തതിന്റെയും ഗുജറാത്ത് കലാപത്തിന്റെയും സിഡികൾ കണ്ടെടുത്തു എന്നതായിരുന്നു അവരിൽ ചാർത്തപ്പെട്ട കുറ്റങ്ങൾ.

ഈ വർഗീയവൽകൃത പൊതുബോധം സൃഷ്ടിക്കുന്നതിൽ മീഡിയയുടെ പങ്ക് വളരെ വലുതാണ്. സ്റ്റേറ്റ് മെഷിനറിയും പൊലീസും ജുഡീഷ്യറിയുമെല്ലാം ഈ പൊതുബോധത്തിന്റെ അടിമകളാണ്. ഗുജറാത്ത് കലാപവും ബാബരി കേസന്വേഷണവും തെളിയിക്കുന്നത് അതാണ്. ജുഡീഷ്യറിയുടെ വിധികൾ പലപ്പോഴും ന്യൂനപക്ഷ വിരുദ്ധമാണ്. ന്യൂനപക്ഷങ്ങൾ ഉൾപ്പെട്ട കേസുകളിൽ കടുത്ത ശിക്ഷകളാണ് വിധിക്കപ്പെടുന്നത്. എന്നാൽ ബാബരി മസ്ജിദ് കേസിൽ പ്രതിയായ അന്നത്തെ ഉത്തർപ്രദേശ് മുഖ്യമന്ത്രി കല്യാൺസിംഗിന് നൽകിയ ശിക്ഷയാവട്ടെ ഒരു ദിവസത്തെ തടവും രണ്ടു മാസത്തിനകം അടക്കേണ്ട 2000 രൂപ പിഴയും!

നീതി നടപ്പാക്കാനുള്ളത് മാത്രമല്ല; നടപ്പാക്കിയതായി അനുഭവപ്പെടാനുള്ളതുകൂടിയാണ്. മാറാട് കേസിൽ നീതി ലഭ്യമാവുന്നില്ല എന്നുമാത്രമല്ല കടുത്ത വിവേചനം ഉണ്ടാവുകയും ചെയ്യുന്നു. കുറ്റാരോപിതനായ ഒരു വ്യക്തി കുറ്റം തെളിയിക്കപ്പെടുന്നതുവരെ നിരപരാധിയാണെന്നാണ് നിയമത്തിന്റെ അനുശാസനം. എന്നാൽ ഇന്ന് കുറ്റാരോപിതനാവുന്നതോടെ തന്നെ ഒരാൾക്ക് ക്രിമിനൽ മുദ്ര വന്നുചേരുന്നു. ജാമ്യം നിയമത്തിലെ ഒരവകാശമാണ്. മാറാട്ട് ഒരു വിഭാഗത്തിന് പൂർണമായും ജാമ്യം ലഭിച്ചിരിക്കുന്നു. മറുവിഭാഗത്തിനാവട്ടെ കടുത്തതും അസാധ്യമായതുമായ ഉപാധികളോടെയാണ് ജാമ്യം നൽകുന്നത്. ഇത് ജാമ്യം നിഷേധിക്കുന്നതിന് സമമാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവർ തിരിച്ചു വരികയും ഈ സമൂഹത്തിന്റെ അവസ്ഥ കാണുകയും ചെയ്താൽ സ്വയം ശപിക്കുമെന്നതുറപ്പാണ്.

സമൂഹത്തിൽ സമാധാനം നിലനിന്നാലേ പുരോഗതിയും വികസനവും രാഷ്ട്രീയ സ്ഥിരതയുമുണ്ടാകൂ. നീതി നിലനിന്നെങ്കിൽ മാത്രമേ സമാധാനം പുലരൂ. അനീതി എപ്പോഴും അസ്വസ്ഥതയാണുണ്ടാക്കുക. അത് സമാധാന ഭംഗത്തിലേക്ക് നയിക്കുകയും ചെയ്യും.

സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പ്രധാനമന്ത്രി മുഖ്യമായും പരിതപിച്ചത് വളർന്നുവരുന്ന നക്സൽ പ്രവർത്തനങ്ങളെക്കുറിച്ചായിരുന്നു. ഈ രാജ്യം മാത്രമല്ല ഈ മേഖലയൊന്നാകെ നക്സൽ ഭീഷണിയിലാണെന്ന് അദ്ദേഹം പറയുകയുണ്ടായി. എന്തുകൊണ്ടാണ് നക്സലിസം വളരുന്നതെന്ന് നാം ആലോചിക്കേണ്ടതുണ്ട്. അനീതിയാണ് അവരെ വളർത്തുന്നത്. ഭരണഘടന ഉറപ്പുനൽകുന്ന ഭൂമിക്കും കൂലിക്കും വേണ്ടിയുള്ള അവകാശ പോരാട്ടമാണ് അവർ നടത്തുന്നത്. പ്രശ്നം പരിഹരിക്കുന്നതിനുപകരം അവരെ ഭീകരരാക്കുന്ന സമീപനമാണ് സർക്കാർ കൈക്കൊള്ളുന്നത്.

മാറാട്ടുകാർക്കുവേണ്ടി പ്രവർത്തിക്കുന്ന കാലിക്കറ്റ് റിലീഫ് കമ്മിറ്റിയെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്. മഹനീയമായ പ്രവർത്തനമാണ് അവർ നടത്തുന്നത്. അവർ സമൂഹത്തെയും രാജ്യത്തെയുമാണ് സേവിക്കുന്നത്. വിജയം കാണുംവരെ പോരാട്ടവും തുടരണം. അതിനായി ആശംസകൾ നേരുന്നു, പ്രാർഥിക്കുന്നു. ■